ECHO OF HIS CALL

വിളിയുടെ പ്രതിധ്വനി

MALAYALAM

India's National Spiritual Newspaper

16 Languages

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Hon. Editor-in-Chief: REV. DR. ANGELINE SELVAKUMARI HENRY

Associate Editor : Ev. BENJAMIN MOSES

Vol. XXXIII YEAR OF OUR LORD JESUS CHRIST, 2026 NOVEMBER No. 01

വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 46:1 – 7

01. ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.

02. അതുകൊണ്ടു ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും,

03. അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിന്റെ കോപംകൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല.

04. ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ സന്തോഷിപ്പിക്കുന്നു.

05. ദൈവം അതിന്റെ മദ്ധ്യേ ഉണ്ടു; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതിനു കാലത്തുതന്നേ അതിനെ സഹായിക്കും.

06. ജാതികൾ ക്രുദ്ധിച്ചു; രാജ്യങ്ങൾ കുലുങ്ങി; അവൻ തന്റെ ശബ്ദം കേൾപ്പിച്ചു; ഭൂമി ഉരുകിപ്പോയി.

07. സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു.



നിങ്ങൾക്ക് ഒരു അഭയസ്ഥാനമുണ്ട്! പിന്നിലേക്കു നോക്കരുത്!

YOU HAVE A REFUGE! DON'T LOOK BACK!

സിസ്റ്റർ ഏഞ്ചലിൻ



നമ്മുടെ പാപങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുകയും ശത്രുവിന്റെ തന്ത്രങ്ങളിൽനിന്ന് നമ്മെ വിടുവിക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ. അവൻ നമ്മുടെ സങ്കേതവും കോട്ടയും, കഷ്ടതയുടെ നാളുകളിൽ എപ്പോഴും കൂടെയുള്ള സഹായവുമാണ്.

വിളിയുടെ പ്രതിധ്വനിയുടെ വിപുലമായ കുടുംബത്തിന്റെ ഭാഗമായതിന് നിങ്ങൾക്കു ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. ഈ മാസികയിലൂടെ ഓരോ മാസവും നിങ്ങളുമായി ബന്ധപ്പെടാൻ ലഭിക്കുന്ന അവസരത്തെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു.

ഈ മാസിക നിങ്ങൾക്ക് അനുഗ്രഹപ്രദമായി എങ്കിൽ അത് അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ സാക്ഷ്യങ്ങളും ചിന്തകളും നിർദ്ദേശങ്ങളും ഞങ്ങളുമായി പങ്കുവയ്ക്കുവാൻ മടിക്കരുത്. നിങ്ങളുടെ പ്രോത്സാഹനം ഞങ്ങൾക്ക് വളരെ വിലപ്പെട്ടതാണ്.

ദൈവം നമ്മുടെ അഭയസ്ഥാനമാണ്!

ദൈവത്തിലൂടെ സുരക്ഷിതത്വവും ശക്തിയും പ്രത്യാശയും കണ്ടെത്തുക.

2-ാം പേജിൽ തുടരും...

Echo of His Call

Christian YouTube Channel!



Every day 2 minutes message by

Pr. S. Sam Selva Raj!

in English, Hindi Language - 1.00 A.M.,
in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

ECHO OF HIS CALL - (Marching towards 60th year)

Estd. 1969

from your dearly beloved brother...





Founders

നാണത്തിന്നു പകരം നിങ്ങൾക്കു ഇരട്ടിയായി പ്രതിഫലം കിട്ടും; ലജ്ജെക്കു പകരം അവർ തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും; അങ്ങനെ അവർ തങ്ങളുടെ ദേശത്തു ഇരട്ടി അവകാശം പ്രാപിക്കും; നിത്യാനന്ദം അവർക്കു ഉണ്ടാകും – യെശയ്യാവു 61:7.

ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Dr. Angeline Selvakumari Henry, M.A., M.Sc., M.Ed.

CONTRIBUTING EDITOR
Sis. Andrea Christmas Henry

EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.

EX ADMINISTRATOR
Sis. Jesy Veena Sam

GENERAL MANAGER
Bro. N. Prakasam, M.A, M.Sc.(C&P), PGDHRM., MBA.

ADMINISTRATION
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD
Sis. Sajini Cherian
Rev. Dr. J. John Rajarathnam, B.E.S, B.D., M.Th.
Rev. Dr. K.R. Rajasekaran
Adv. N. Balaji, B.Com., M.L.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293
Cell : (+91) 98410 71852, 98412 71858

E.MAIL
sam@echoofhiscall.org
biblecor@yahoo.co.in

WEBSITES
www.echoofhiscall.org
www.stpaulsmatriculation.org

YOUTUBE CHANNEL
Echo of His Call

പ്രിയ സ്നേഹിതരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മാധുര്യമേറിയ നാമത്തിൽ നിങ്ങൾക്ക് അഭിവാദനങ്ങൾ!

വിളിയുടെ പ്രതിധ്വനിയുടെ ഈ ലക്കം വായിച്ചതിന് നന്ദി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!



ദീർഘകാലമായുള്ള ശ്വാസകോശ സംബന്ധമായ അസുഖത്തെത്തുടർന്ന്, എന്റെ പ്രിയപത്നി ശ്രീമതി ജെസി വീണാസാം 2026 സെപ്റ്റംബർ 20-ന് രാത്രി 10.30ന് നിത്യതയിലേക്ക് യാത്രയായി. കഴിഞ്ഞ 32 വർഷമായി അവൾ എന്നോടൊപ്പം കർത്താവിനെ വിശ്വസ്തതയോടെ സേവിച്ചുപോന്നു. അവൾ തന്റെ ഓട്ടം വിജയകരമായി പൂർത്തിയാക്കി. മദ്ധ്യാകാശത്തിൽ വച്ച് നമുക്ക് അവളെ വീണ്ടും കാണാം. എന്നോടൊപ്പമുണ്ടായിരുന്ന അവളുടെ അർത്ഥവത്തായ ജീവിതത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. എന്റെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ വാക്കുകൾ പോരാ.

വിളിയുടെ പ്രതിധ്വനിയുടെ ഭാവി ശുശ്രൂഷകൾക്കായി കൊച്ചുമകൾ സിസ്റ്റർ ആൻട്രിയ ക്രിസ്മസ് ഹെൻട്രിയെയും മകൾ റവ. ഏബെലിൻ സെൽവകുമാർ ഹെൻട്രിയെയും ഗവേണിംഗ് ബോർഡ് നിയമിച്ചിരിക്കുന്നു. ഔദ്യോഗിക നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതുവരെ ഞാൻ അവരെ സഹായിക്കുന്നുണ്ട്.



റവ. ഡോ. എം. മുത്തു, പെന്തക്കോസ്ത് ക്രിസ്തീയസഭ (പെനിമകൾ), പി.ടി. സാം, സിസ്റ്റർ. ആൻട്രിയ & റവ. ഏബെലിൻ



സെപ്റ്റംബർ 26-ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2.30 വരെ മുഖ്യസഭയിൽവച്ച് **യേശുവിന്റെ കുടുംബം-ഒരു മനോഹരമായ ഒ**



ത്തുചേരൽ എന്ന വിഷയത്തിൽ ഒരു അനുഗ്രഹീത ശുശ്രൂഷ നടന്നു. നൂറോളം പേർ പങ്കെടുത്തു. **നെഹെമ്യ ബൈബിൾ കോളേജ്** പ്രിൻസിപ്പാൾ റവ. ഡോ. ജെ. ജോൺ രാജരത്നം ആയിരുന്നു ഇതിലെ മുഖ്യ പ്രഭാഷകൻ. പങ്കെടുത്ത എല്ലാവർക്കും പുതിയ അഭിഷേകം അനുഭവമാവുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

വിളിയുടെ പ്രതിധ്വനി ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഞങ്ങളോടൊപ്പം നിലകൊള്ളുകയും നിങ്ങളോട് ഞങ്ങൾ നന്ദിയുള്ളവരാണ്. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും പ്രതീക്ഷിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ

പാസ്റ്റർ. എസ്. സാം സെൽവരാജ്

ഇമെയിൽ : sam@echooffhiscall.org

1-ാം പേജിന്റെ തുടർച്ച...

ദൈവത്തിന്റെ നാമങ്ങൾ!

പലപേരുകളിലൂടെയും വിശേഷണങ്ങളിലൂടെയും വേദപുസ്തകം ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ഇവ ഓരോന്നും ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും, അവന്റെ പ്രകൃതത്തെക്കുറിച്ചും, തന്റെ ജനവുമായുള്ള അവന്റെ ബന്ധത്തെക്കുറിച്ചും ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നു.

ദൈവത്തെക്കുറിച്ചുള്ള ഒരു വിശേഷണം എന്നെ ആകർഷിച്ചിട്ടുണ്ട്. അതെന്തെന്നാൽ:

ദൈവം നമ്മുടെ സങ്കേതമാണ്.

മറ്റു ഭാഷകളിൽ ഇതിനായി എത്ര വ്യത്യസ്തമായ പദപ്രയോഗങ്ങൾ ഉണ്ടെന്നെനിക്ക് അറിയില്ല. എന്നാൽ തമിഴ് ബൈബിളിൽ, 'മറൈവിടം', 'പുകലിടം', 'അടൈക്കലം' തുടങ്ങിയ വാക്കുകളിലൂടെ സങ്കേതം എന്ന ആശയം മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു. ഒളിച്ചിരിക്കാനുള്ള ഇടം, അഭയസ്ഥാനം, സുരക്ഷിതമായ ഒരിടം, പൂർണ്ണമായും മറയ്ക്കപ്പെട്ട് സംരക്ഷണം ലഭിക്കുന്ന ഒരിടം എന്നൊക്കെ ഇതിനർത്ഥമുണ്ട്.

അപകടം അടുത്തു വരുമ്പോൾ ഒരാൾക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കാൻ കഴിയുന്ന ഒരിടമാണ് സങ്കേതം; വരാനിരിക്കുന്ന വിപത്തുകളിൽനിന്ന് സുരക്ഷയും അഭയവും സംരക്ഷണവും ലഭിക്കുന്ന ഒരിടം.

നമ്മുടെ ദൈവത്തെക്കുറിച്ച് എത്ര മനോഹരമായ ഒരു ചിത്രീകരണം!

നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ അനിശ്ചിതമായിരിക്കുമ്പോൾ ദൈവം സുരക്ഷിതമായ ഒരിടമായിത്തന്നെ നില കൊള്ളുന്നു.

ദൈവം നമ്മുടെ സങ്കേതമാകുന്നു എന്നതിനെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നു?

ദൈവം നമ്മുടെ സങ്കേതം എന്ന് വേദപുസ്തകം ആവർത്തിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു:

അവൻ തന്നേ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം അവൻ തന്നേ; ഞാൻ ഏറെ കുലുങ്ങുകയില്ല. (സങ്കീർത്തനങ്ങൾ 62:2).

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. (സങ്കീർത്തനങ്ങൾ 46:1).

യഹോവയെക്കുറിച്ചു: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. (സങ്കീർത്തനങ്ങൾ 91:2).

ജനമേ, എല്ലാകാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമായിരിക്കുന്നു. (സങ്കീർത്തനങ്ങൾ 62:8).

യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു; തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു. (നഹൂം 1:7).

യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്കു ഓടിച്ചെന്നു അഭയം പ്രാപിക്കുന്നു. (സദൃശ്യവാക്യങ്ങൾ 18:10).

ദൈവത്തിന്റെ സകലവചനവും ശുദ്ധിചെയ്തതാകുന്നു; തന്നിൽ ആശ്രയിക്കുന്നവർക്കു അവൻ പരിച തന്നേ. (സദൃശ്യവാക്യങ്ങൾ 30:5).

എത്ര മനോഹരമായ ഉറപ്പ്

നമുക്ക് വല്ലപ്പോഴുമൊക്കെ സമീപിക്കാവുന്നവനല്ല ദൈവം. മറിച്ച്, എല്ലായ്പോഴും നമുക്കു ആശ്രയിക്കാവുന്ന സങ്കേതമാണ്.

ഒരു വ്യക്തിപരമായ ചോദ്യം!

അവൻ എന്റെ സങ്കേതമാണ്, അവൻ മാത്രമാണ് എന്റെ സങ്കേതം എന്ന് നമ്മിൽ എത്രപേർക്ക് ആത്മാർത്ഥമായി പറയാൻ കഴിയും.

ദൈവം നമ്മുടെ സങ്കേതമാണ് എന്ന സത്യത്തെക്കുറിച്ച് ധ്യാനിച്ചപ്പോൾ, അത് എത്ര ശക്തവും ആശ്വാസദായകവുമായ ആശയമാണ് എന്ന് എനിക്ക് ബോധ്യപ്പെട്ടു.

പഴയനിയമത്തിൽ വിവരിച്ചിട്ടുള്ള സങ്കേതനഗരങ്ങളെക്കുറിച്ച് ഇത് എന്നെ ഓർമ്മിപ്പിച്ചു. ഈ നഗരങ്ങളെക്കുറിച്ച് കൂടുതൽ പഠിച്ചപ്പോൾ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നമുക്കു ലഭിച്ചിരിക്കുന്ന അത്ഭുതകരമായ സങ്കേതത്തെക്കുറിച്ച കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ എനിക്കു സാധിച്ചു.

സങ്കേതനഗരങ്ങൾ!

ദൈവം യിസ്രായേൽ ഗോത്രങ്ങൾക്കു വാഗ്ദത്തദേശം നൽകിയപ്പോൾ ലേവി ഗോത്രത്തിന് അവകാശമായി ഭൂമി ഒന്നും ലഭിച്ചില്ല. കർത്താവു തന്നെയായിരുന്നു അവരുടെ അവകാശം.

ലേവ്യർക്കു നിങ്ങളുടെ ഇടയിൽ ഓഹരി ഇല്ലല്ലോ; യഹോവയുടെ പൗരോഹിത്യം അവരുടെ അവകാശം ആകുന്നു. യോശുവ 18:7.

എങ്കിലും, ഓരോ ഗോത്രവും തങ്ങളുടെ ഭൂമിയുടെ ഒരു ഭാഗം ലേവ്യർക്കായി നീക്കിവയ്ക്കേണ്ടതുണ്ടായിരുന്നു. യിസ്രായേൽ ദേശത്തിലുടനീളം അവർക്ക് നഗരങ്ങൾ നൽകപ്പെട്ടു. അവർക്ക് ആകെ ലഭിച്ച 48 നഗരങ്ങളിൽ ആറെണ്ണം 'ആശ്രയനഗരങ്ങൾ' ആയി നിശ്ചയിക്കപ്പെട്ടു.

അപകടത്തിലാകുന്ന ഒരാൾക്ക് അമിതദൂരം സഞ്ചരിക്കേണ്ടിവരാതെ എത്തിച്ചേരാൻ കഴിയുന്ന തരത്തിൽ, ഈ ആറ് നഗരങ്ങളും ദേശത്തുടനീളം തന്ത്രപ്രധാനമായ രീതിയിലാണ് നടപ്പാക്കിയത്.

സങ്കേതനഗരങ്ങളുടെ ഉദ്ദേശ്യം!

ലേവ്യപുസ്തകം 35:22-28-ൽ ഈ നഗരങ്ങളുടെ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

ഒരാൾ അബദ്ധവശാൽ മറ്റൊരാളുടെ മരണത്തിന് ഇടയാകുന്ന സാഹചര്യം ഉണ്ടായാൽ രക്തപ്രതികാരനിൽ നിന്ന് സംരക്ഷണം

തേടി അയാൾക്ക് ഏതെങ്കിലും സങ്കേതനഗരങ്ങളിൽ ഓടിപ്പോകുവാൻ കഴിയുമായിരുന്നു.

തുടർന്ന്, മരണത്തിനു കാരണക്കാരനായ വ്യക്തിയും രക്തപ്രതികാരനും തമ്മിലുള്ള വിഷയം സഭ പരിശോധിച്ച് തീർപ്പു കൽപ്പിക്കുമായിരുന്നു. അവിചാരിതമായാണ് മരണം സംഭവിച്ചതെങ്കിൽ ആ വ്യക്തിക്ക് അക്കാലത്തെ മഹാപുരോഹിതന്റെ മരണം വരെ സങ്കേതനഗരത്തിൽ തന്നെ കഴിയാമായിരുന്നു.

പക്ഷെ, ഒരു പ്രധാന നിബന്ധന ഉണ്ടായിരുന്നു:

അവൻ നഗരത്തിന്റെ അതിർത്തികൾക്കുള്ളിൽ തന്നെ കഴിയണമായിരുന്നു.

മഹാപുരോഹിതന്റെ മരണത്തിനുമുമ്പ് അവൻ മനഃപൂർവ്വം സങ്കേതനഗരം വിട്ടുപോയാൽ, അവന് അവിടെനിന്നുള്ള സംരക്ഷണം നഷ്ടപ്പെടും, രക്തപ്രതികാരകൻ അവനെ വധിച്ചാലും അവൻ കുറ്റക്കാരൻ ആകുകയില്ല.

മഹാപുരോഹിതന്റെ മരണത്തിനുശേഷം കൊല ചെയ്തവന് സ്വന്തം ദേശത്തേക്കു മടങ്ങുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

ഇത് സങ്കേതനഗരത്തെക്കുറിച്ചുള്ള എത്ര ശക്തമായ ഒരു ചിത്രമാണ്!

സങ്കേതനഗരങ്ങളിൽനിന്നും നാം എന്താണ് പഠിക്കുന്നത്?

1. അവ സംരക്ഷണം നൽകി.

അറിയാതെ ഒരാളുടെ മരണത്തിനു കാരണക്കാരനായ വ്യക്തിക്ക്, ശരിയായ വിചാരണ നടക്കുന്നതുവരെ, പ്രതികാരം ചെയ്യാൻ വരുന്നവരിൽ നിന്ന് സംരക്ഷണം നൽകാൻ സങ്കേതനഗരങ്ങൾക്കു കഴിഞ്ഞു.

2. അവ സുരക്ഷിതമായ ഒരു ഇടം നൽകി.

മരണം അബദ്ധത്തിൽ സംഭവിച്ചതാണെന്നു കണ്ടെത്തിയാൽ, ആ വ്യക്തിക്ക് സംരക്ഷണത്തോടെ ആ നഗരത്തിൽ തുടരാൻ സാധിക്കും.

3. അവ എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്നവയായിരുന്നു.

ആറു സങ്കേതനഗരങ്ങൾ ദേശത്തുടനീളം വ്യാപിച്ചു കിടന്നിരുന്നതിനാൽ സഹായം ആവശ്യമുള്ളവർക്ക് അവിടെ എത്തിച്ചേരാൻ പ്രയാസമില്ലായിരുന്നു.

4. ഇവ യിസ്രായേല്യർക്കു മാത്രമുള്ളതായിരുന്നില്ല.

ഈ കരുതൽ യിസ്രായേല്യർക്കു മാത്രമല്ല, അവരുടെ മദ്ധ്യേ വസിക്കുന്ന പരദേശികൾക്കും അന്യദേശക്കാർക്കും ലഭ്യമായിരുന്നു.

5. ഈ സംരക്ഷണത്തിന് അതിരുകളുണ്ടായിരുന്നു.

സങ്കേതനഗരത്തിലേക്ക് പലായനം ചെയ്ത വ്യക്തി ആ നഗരത്തിന്റെ അതിരുകൾക്കുള്ളിൽ തന്നെ കഴിയണമായിരുന്നു. നഗരം വിട്ടുപോകുക എന്നാൽ സംരക്ഷണം ലഭിക്കുന്ന സ്ഥലം വിട്ടുപോകുക എന്നാണ്.

6. ഈ സംരക്ഷണം മഹാപുരോഹിതന്റെ ജീവിതവുമായി ബന്ധപ്പെട്ടിരുന്നു.

അബദ്ധത്തിൽ ഒരാളുടെ മരണത്തിനു കാരണക്കാരനായ വ്യക്തി അക്കാലത്തെ മഹാപുരോഹിതൻ മരിക്കുന്നതുവരെ സങ്കേതനഗരത്തിൽ കഴിയണമായിരുന്നു. അതിനുശേഷം അയാൾക്ക് തന്റെ അവകാശഭൂമിയിലേക്കു മടങ്ങാം. അബദ്ധത്തിൽ ഒരാളുടെ മരണത്തിനു കാരണക്കാരനായതിനുശേഷം ജീവൻ രക്ഷിക്കാൻ പലായനം ചെയ്യുന്ന ഒരാൾക്ക് സംരക്ഷണം ലഭിക്കുന്ന ഒരു നഗരമുണ്ടെന്ന് അറിയുമ്പോൾ ഉണ്ടാകുന്ന ആശ്വാസം നിങ്ങൾക്കു സങ്കൽപ്പിക്കാൻ കഴിയുമോ?

ആറ് സങ്കേതനഗരങ്ങൾ!

യോർദ്ദാൻ നദിയുടെ ഇരുവശങ്ങളിലുമായി മൂന്നെണ്ണം വീതം ദൈവം ആറ് സങ്കേതനഗരങ്ങളെ നിയമിച്ചു.

യോർദ്ദാൻ നദിയുടെ പടിഞ്ഞാറ്ഭാഗത്ത്:

കെദെശ് - വടക്കൻ മേഖലയിൽ, നഫ്താലി ഗോത്രത്തിന്റെ മലമ്പ്രദേശത്ത്.

ശേഖേം - മധ്യമേഖലയിൽ, എഫ്രയീം ഗോത്രത്തിന്റെ മലമ്പ്രദേശത്ത്.

ഹെബ്രോൻ (കിര്യത്ത്-അർബ) തെക്കൻ മേഖലയിൽ യഹൂദാ ഗോത്രത്തിന്റെ മലമ്പ്രദേശത്ത്.

യോർദ്ദാൻ നദിയുടെ കിഴക്കുഭാഗത്ത്:

ഗോലാൻ - വടക്കൻ മേഖലയിൽ, ബാശാനിൽ (മനശ്ശെ ഗോത്രത്തിന് അനുവദിച്ചത്)

രാമോത്ത് (ഗിലയാദിലെ രാമോത്ത്) - മധ്യമേഖലയിൽ, ഗാദ് ഗോത്രത്തിന്റെ പ്രദേശത്ത്.

ബേസെർ - തെക്കൻ മേഖലയിൽ, രൂബേൻ ഗോത്രത്തിന്റെ പ്രദേശത്ത്, പീഠഭൂമിയിൽ.

എല്ലാവർക്കും പ്രാപ്യമായ വിധത്തിലാണ് ഈ നഗരങ്ങൾ പ്രത്യേകം ക്രമീകരിച്ചു സ്ഥാപിച്ചിരുന്നത്.

സങ്കേതം പുതിയനിയമത്തിൽ!

ഇന്നത്തെ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം സങ്കേതത്തെക്കുറിച്ചുള്ള ഈ ചിത്രം അർത്ഥമാക്കുന്നത് എന്താണ്?

നമ്മുടെ പരമമായ സങ്കേതം യേശുക്രിസ്തുവാണ്.

പഴയ ഉടമ്പടിയിൽ സങ്കേതനഗരങ്ങൾ താൽക്കാലിക സംരക്ഷണം നൽകിയിരുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു നമുക്ക് നൽകുന്നത് അതിനേക്കാൾ മഹത്വമേറിയ മറ്റൊന്നാണ്.

അവൻ ആകസ്മികമായി മരിച്ചതല്ല.

നമ്മുടെ പാപങ്ങളിൽനിന്ന് നമ്മെ വിടുവിക്കാൻ അവൻ സ്വമനസ്സാലെ തന്റെ ജീവനെ നൽകി.

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:8).

കർത്താവായ യേശുക്രിസ്തു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു!

ഭൂമിയിലെ മഹാപുരോഹിതന്മാരുടെ ജീവിതം അവരുടെ മരണത്തോടെ അവസാനിക്കുന്നു. പക്ഷെ നമ്മുടെ മഹാപുരോഹിതൻ എന്നേക്കും ജീവിക്കുന്നു.

അതിനാൽ നമ്മുടെ സങ്കേതം താൽക്കാലികമല്ല.

നമ്മുടെ സങ്കേതം നിത്യമാണ്.

റോമർ 6:9 ഇപ്രകാരം പറയുന്നു:

ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ.

ഇത് എത്ര മഹത്തായ ഉറപ്പാണ്!

നാം ദൈവത്തിൽ നിന്ന് അകന്ന് പാപികളായിരിക്കുമ്പോഴും യേശുക്രിസ്തു നമുക്ക് അഭയസ്ഥാനമായിത്തീർന്നു.

എന്നാൽ നാം അവനിൽനിന്ന് അകന്നു തന്നെ കഴിയണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല.

അവന്റെ അടുക്കലേക്ക് അവൻ നമ്മെ വിളിക്കുന്നു.

തന്നിൽ പൂർണ്ണമായി വിശ്വസിക്കാൻ അവൻ നമ്മെ ക്ഷണിക്കുന്നു.

നമ്മുടെ വാസസ്ഥലവും, സംരക്ഷണ കേന്ദ്രവും, ഉറപ്പുള്ള ഗോപുരവും, അഭയസ്ഥാനവും അവൻ തന്നെ ആയിരിക്കണമെന്ന് അവൻ നമ്മോട് ആവശ്യപ്പെടുന്നു.

പേജിൽ തുടരും...

പരമനിയോഗ ദൗത്യ പങ്കാളികൾ

പങ്കിടൽ (ഗലാത്യർ 6:2), സഹായം (നേമർ 12:13), കൂടുതൽ വേഗത (2 തിമൊഥെയോസ് 1:6)

പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

സ്തോത്രത്തിനായുള്ള വിഷയങ്ങൾ

നവംബർ 19 ⇨ ഞങ്ങളുടെ സമർപ്പിതരായ സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി.

നവംബർ 20 ⇨ മുഖ്യസഭയിലും ശാഖാസഭകളിലും സണ്ടേസ്കൂളിൽ കൂടുതൽ കുട്ടികളെ നൽകിയതിനായി.

നവംബർ 21 ⇨ ഞങ്ങളുടെ ആശുപത്രി ശുശ്രൂഷാ മേഖലയിൽ ദൈവം നൽകിയ അത്ഭുതങ്ങൾക്കായി.

നവംബർ 22 ⇨ **വിളിയുടെ പ്രതിധ്വനി** മാസികാ ശുശ്രൂഷയിൽ അർപ്പണബോധമുള്ള അസ്സോസിയേറ്റ് എഡിറ്റർമാരെ നൽകി അനുഗ്രഹിച്ചതിനായി.

നവംബർ 23 ⇨ പുതിയ ജീവനക്കാരെ നൽകി ഞങ്ങളുടെ ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

നവംബർ 24 ⇨ പുതിയ വിശ്വാസികളെ നൽകി ഞങ്ങളുടെ സഭകളെ അനുഗ്രഹിച്ചതിനായി.

നവംബർ 25 ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവർക്കായി.

നവംബർ 26 ⇨ വിവിധ മുഖാന്തരങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

നവംബർ 27 ⇨ ഞങ്ങളുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

നവംബർ 28 ⇨ ഞങ്ങളെ സ്ഥിരമായി പിന്തുണയ്ക്കുന്നവർക്കായും ശുശ്രൂഷാ പ്രവർത്തനങ്ങളിലുള്ള അവരുടെ സജീവ പങ്കാളിത്തത്തിനായും.

നവംബർ 29 ⇨ ഞങ്ങളുടെ മിഷണറിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായും.

നവംബർ 30 ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ അത് എത്തിക്കാൻ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന യുട്യൂബ് മീഡിയ ശുശ്രൂഷയിലെ ജീവനക്കാരെ അനുഗ്രഹിക്കുന്നതിനായി.

ഡിസംബർ 01 ⇨ എല്ലാ സംസ്ഥാന കോഡിനേറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

ഡിസംബർ 02 ⇨ ശുശ്രൂഷാപരമായ ആവശ്യങ്ങൾ നിറവേറ്റിയതിനായി.

ഡിസംബർ 03 ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിനെയും നെഹെമ്യ ബൈബിൾ കോളേജുകളെയും** അനുഗ്രഹിച്ചതിനായി.

പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

ഡിസംബർ 04 ⇨ സീനിയർ പാസ്റ്ററുടെയും കുടുംബാംഗങ്ങളുടെയും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി.

ഡിസംബർ 05 ⇨ നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാരും തമ്മിലുള്ള ഐക്യത്തിനായി.

ഡിസംബർ 06 ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി.

ഡിസംബർ 07 ⇨ ലോകം മുഴുവനുമുള്ള എല്ലാ പ്രസിഡന്റുമാർ, പ്രധാനമന്ത്രിമാർ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ സുരക്ഷയ്ക്കായി.

ഡിസംബർ 08 ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെയും നെഹെമ്യ ബൈബിൾ കോളേജുകളെയും** അനുഗ്രഹത്തിനായി.

ഡിസംബർ 09 ⇨ മദ്യപാനികളുടെയും ലഹരിക്ക് അടിമയായവരുടെയും മാനസാന്തരത്തിനായി.

ഡിസംബർ 10 ⇨ ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാനുള്ള ദൈവീക കരുണക്കായി.

ഡിസംബർ 11 ⇨ ലോകമെമ്പാടുമുള്ള എല്ലാ സഭകളുടെയും പാസ്റ്റർമാരുടെയും അനുഗ്രഹത്തിനായി.

ഡിസംബർ 12 ⇨ എല്ലാ സംസ്ഥാന കോഡിനേറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി.

ഡിസംബർ 13 ⇨ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെയും 2027 നെ വരവേൽക്കുന്ന ആരാധനകളുടെയും അനുഗ്രഹത്തിനായി.

ഡിസംബർ 14 ⇨ ലോകരാഷ്ട്രങ്ങളുടെ മദ്ധ്യേ സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടാകുവാനായി.

ഡിസംബർ 15 ⇨ ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി.

ഡിസംബർ 16 ⇨ യുവജനങ്ങളുടെ മദ്ധ്യേയുള്ള ആത്മഹത്യ പ്രവണത മാറ്റപ്പെടുവാനായി.

ഡിസംബർ 17 ⇨ നമ്മുടെ ശുശ്രൂഷയ്ക്ക് അനുയോജ്യരായ ജീവനക്കാരെ നിയമിക്കുവാനായി.

ഡിസംബർ 18 ⇨ നമ്മുടെ ശുശ്രൂഷാ പ്രവർത്തനത്തിന്റെ വിപുലീകരണത്തിനും ലോകം മുഴുവനും സുവിശേഷീകരിക്കപ്പെടുവാനും.

4-ാം പേജിന്റെ തുടർച്ച...

വേദപുസ്തകം ഇപ്രകാരം പറയുന്നു:

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു. സങ്കീർത്തനങ്ങൾ 125:1.

മറ്റൊരു വിവർത്തനത്തിൽ ഇപ്രകാരം പറയുന്നു:

അവനിൽ നാം പൂർണ്ണമായി ആശ്രയം വയ്ക്കുകയാണെങ്കിൽ നാം പരാജയപ്പെട്ടു പോകയില്ല.

പ്രിയ സഹോദരങ്ങളേ, നിങ്ങളുടെ സാഹചര്യം എന്താണെന്ന് ദൈവം അറിയുന്നു. കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുവാൻ ഞാൻ നിങ്ങളോടു ആലോചന പറയുന്നു.

നമ്മുടെ ആശ്രയം ദൈവത്തിലായിരിക്കുമ്പോൾ കൊടുങ്കാറ്റുകൾ വന്നാലും, കാറ്റു വീശിയാലും, സാഹചര്യങ്ങൾ മാറിയാലും നമ്മുടെ അഭയസ്ഥാനമായിരിക്കുന്ന ദൈവം വിശ്വസ്തനായി തുടരുന്നതിനാൽ നമ്മുടെ അടിസ്ഥാനം ഇളകാതെ ഉറച്ചു നിൽക്കുന്നു.

മറ്റൊരു അഭയസ്ഥാനം: നുണകളുടെ അഭയസ്ഥാനം!

വേദപുസ്തകം മറ്റൊരു തരത്തിലുള്ള വ്യാജ അഭയസ്ഥാനത്തെക്കുറിച്ചും മുന്നറിയിപ്പു നൽകുന്നു.

യെശയ്യാവ് 28:15 ൽ ഇപ്രകാരം പറയുന്നു:

ഞങ്ങൾ ഭോഷ്കിനെ ശരണമാക്കി വ്യാജത്തിൽ ഒളിച്ചിരിക്കുന്നു.

ദൈവത്തെ തങ്ങളുടെ അഭയസ്ഥാനമാക്കുന്നതിനുപകരം തങ്ങളെ രക്ഷിക്കാൻ കഴിയാത്ത കാര്യങ്ങളിലാണ് പലരും പലപ്പോഴും ആശ്രയിക്കുന്നത്.

നുണകളുടെ പിതാവ് ആരാണെന്നു നമുക്ക് അറിയാം.

ക്ഷണികവും, ദുർബലവും, ശാശ്വത സുരക്ഷ നൽകാൻ കഴിയാത്തതുമായ കാര്യങ്ങളിൽ ആശ്രയിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് സാത്താൻ മനുഷ്യരാശിയെ വഞ്ചിച്ചിരിക്കുന്നു.

നമുക്ക് വ്യാജ അഭയസ്ഥാനങ്ങളായി മാറാൻ സാദ്ധ്യതയുള്ള ചില കാര്യങ്ങൾ എന്തൊക്കെയാണ്?

സമ്പത്ത്, പ്രശസ്തി, വിദ്യാഭ്യാസം, അധികാരം, പദവി, കഴിവുകൾ, വിജയം, ബന്ധങ്ങൾ, ഭൗതിക വസ്തുക്കൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഇവയെല്ലാം തന്നെ മോശമായ കാര്യങ്ങളാണെന്ന് അർത്ഥമില്ല. എന്നാൽ ദൈവത്തെ നമ്മുടെ അഭയസ്ഥാനമാക്കുന്നതിനുപകരം ഇവയെ അഭയമാക്കുമ്പോഴാണ് അപകടം സംഭവിക്കുന്നത്.

സൃഷ്ടിക്കപ്പെട്ട ഒരു വസ്തു സൃഷ്ടാവിന്റെ സ്ഥാനം കൈയടക്കുമ്പോൾ, അതൊരു വ്യാജ അഭയസ്ഥാനമായി മാറുന്നു.

അത് ഒരു നുണയുടെ അഭയസ്ഥാനം ആയിത്തീരുന്നു. ഇത്തരം വ്യാജ അഭയസ്ഥാനങ്ങളെല്ലാം ഒടുവിൽ പരാജയപ്പെടുക തന്നെ ചെയ്യും.

യെശയ്യാവ് 28:17,18 നമുക്ക് ഗൗരവകരമായ ഒരു ചിത്രം നൽകുന്നു:

കന്മഴ വ്യാജശരണത്തെ നീക്കിക്കളയും; വെള്ളം ഒളിപ്പിടത്തെ ഒഴുക്കി കൊണ്ടുപോകും. മരണത്തോടുള്ള നിങ്ങളുടെ സഖ്യത ദുർബ്ബലമാകും; പാതാളത്തോടുള്ള നിങ്ങളുടെ ഉടമ്പടി നിലനിൽക്കയില്ല; പ്രവഹിക്കുന്ന ബാധ ആക്രമിക്കുമ്പോൾ നിങ്ങൾ തകർന്നു പോകും.

നുണയുടെ അടിസ്ഥാനത്തിൽ പണിതുയർത്തിയതെല്ലാം ഒടുവിൽ തകർന്നുപോകും.

നമുക്ക് അതിനേക്കാൾ മികച്ച ഒന്നുള്ളതിനാൽ ദൈവത്തിനു സ്തുതി.

നമുക്ക് ജീവനുള്ള ഒരു രക്ഷകനുണ്ട്.

നമുക്ക് ഉറപ്പുള്ള ഒരു അടിസ്ഥാനമുണ്ട്.

കർത്താവായ യേശുക്രിസ്തു എന്ന മൂലക്കല്ലുണ്ട്.

യെശയ്യാവ് 28:16 ഇങ്ങനെ പറയുന്നു:

ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.

എന്തു വലിയ വ്യത്യാസം!

നുണകളുടെ സങ്കേതം തകർന്നുപോകും.

എന്നാൽ ക്രിസ്തുവിൽ നമുക്കുള്ള സങ്കേതം ഒരിക്കലും പരാജയപ്പെടുകയില്ല.

ഇന്ന് നമ്മുടെ സങ്കേതം എവിടെയാണ്, അല്ലെങ്കിൽ എന്താണ്?

നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്.

സങ്കേതനഗരത്തിലേക്ക് പലായനം ചെയ്ത വ്യക്തി ആ നഗരത്തിനുള്ളിൽ തന്നെ കഴിയണമായിരുന്നു. അവൻ മനഃപൂർവ്വം നഗരത്തിന്റെ അതിരുകൾ കടന്നു പുറത്തുപോയാൽ അവൻ സ്വയം അപകടത്തിലേക്ക് എടുത്തുചാടുകയാണ് ചെയ്യുന്നത്.

അതുപോലെ വിശ്വാസികളായ നാം ക്രിസ്തുവിൽ വസിക്കാൻ പഠിക്കണം.

കർത്താവായ യേശുക്രിസ്തു ഇപ്രകാരം പറഞ്ഞു:

എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും... യോഹന്നാൻ 15:4.

പ്രതിസന്ധി ഘട്ടങ്ങളിൽ മാത്രം ദൈവത്തിനരികിലേക്ക് ഓടിച്ചെല്ലുകയും, ആ പ്രതിസന്ധി ഒഴിഞ്ഞുപോകുമ്പോൾ പഴയ ജീവിതരീതിയിലേക്ക് മടങ്ങുകയും ചെയ്യുന്നതിലല്ല നമ്മുടെ സുരക്ഷിതത്വം അടങ്ങിയിരിക്കുന്നത്. ദൈവവുമായി ഒരു ബന്ധം

9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

അതിവേഗം അഡ്മിഷൻ നേടുവിൻ!

ഭാഷ : തമിഴ് (Part time)
ഹിന്ദി (Part Time)

ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം

യോഗ്യത : പത്താം ക്ലാസ്സും അതിനു മുകളിലും

കഴിഞ്ഞ 57 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

മുഖ്യസഭയിലെ പരിപാടികൾ

01.	പ്രാർത്ഥന സഹായം	– 24 മണിക്കൂർ
02.	വിളിയുടെ പ്രതിധ്വനി, മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ	
03.	ബൈബിൾകോർ – പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)	
04.	തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ	– ഇംഗ്ലീഷ്, തമിഴ്
05.	നെഹെമ്യ ബൈബിൾ കോളേജ്	– ചെഷാക്ക്, സന്തോഷപുരം, വേളാച്ചേരി
06.	ശാഖാ സഭകൾ	– സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07.	പരമ്പരാഗത ഭാഗ്യ പങ്കാളികൾ	– പാസ്റ്റർമാരുടെ ചങ്ങല
08.	ട്രെയിനിംഗ് പരിപാടികൾ	– സെമിനാറുകൾ, റിട്രീറ്റുകൾ
09.	ക്രൂസേഡുകൾ	
10.	ലഘുലേഖ വിതരണം, തുടർ നടപടികൾ	
11.	സുവിശേഷ അച്ചടിശാല	– പ്രസിദ്ധീകരണങ്ങൾ
12.	സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ	– ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13.	സണ്ടേസ്കൂൾ (ചെഷാക്ക്)	– ഞായർ രാവിലെ 10.30 മണി
	(വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം)	– ഞായർ വൈകുന്നേരം 3.00 മണി
14.	അതിരാവിലെ ആരാധന	– ഞായർ രാവിലെ 5.30 മണി
15.	പ്രാഥമിക ആരാധന	– ഞായർ രാവിലെ 8.00 മണി
16.	തമിഴ് ആരാധന	– ഞായർ രാവിലെ 8.30 മണി
17.	യുവജന കൂട്ടായ്മ	– ഞായർ രാവിലെ 11.00 മണി
18.	ഉച്ചഭക്ഷണ കൂട്ടായ്മ	– ഞായർ ഉച്ചയ്ക്കു 1.00 മണി
19.	തെലുങ്ക് ആരാധന	– ഞായർ വൈകുന്നേരം 4.00 മണി
20.	ഹിന്ദി ആരാധന	– ഞായർ വൈകുന്നേരം 5.00 മണി
21.	തമിഴ് & ഇംഗ്ലീഷ് ആരാധന	– ഞായർ വൈകുന്നേരം 6.00 മണി
22.	പ്രതികരണ സമയം	– ഞായർ വൈകുന്നേരം 7.30 മണി
23.	സ്ത്രീകളുടെ പ്രാർത്ഥനായോഗം	– ബുധൻ വൈകുന്നേരം 5.30 മണി
24.	ഹിന്ദി പ്രാർത്ഥന	– വ്യാഴം വൈകുന്നേരം 7.00 മണി
25.	പുരുഷന്മാരുടെ യോഗം	– വെള്ളി വൈകുന്നേരം 7.30 മണി
26.	ശിഷ്യത്വ യോഗം	– ശനി വൈകുന്നേരം 6.00 മണി
27.	ഭവന കൂട്ടായ്മ	– ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28.	പ്രത്യേക കർത്തൃമേശ	– എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29.	സുവിശേഷകരുടെ അവലോകനം	– ആദ്യ ശനി വൈകുന്നേരം 5.30 മണി
30.	ഭക്ഷണാക്കളുടെ പ്രാർത്ഥന	– ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31.	രാത്രി പ്രാർത്ഥന	– മൂന്നാം വെള്ളി രാത്രി 9.30 മണി
32.	ഉപവാസ പ്രാർത്ഥന	– രണ്ടാം ശനി രാവിലെ 9.30 മണി
33.	കർത്തൃമേശ	– രണ്ടാം ഞായർ ആരാധനയോടൊപ്പം
34.	യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന	– ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35.	യൂഫുകളുടെ ധ്യാനം	– ദിവസവും രാവിലെ 9.00 മണി
36.	ഓഫീസ്	– രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

വിളിയുടെ പ്രതിധ്വനി മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

വിളിയുടെ പ്രതിധ്വനി മെയിൽ കോഴ്സുകൾ

1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
പെപ്പേക്കി, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

Account Name	:	**ECHO OF HIS CALL EDUCATIONAL TRUST**
Account Number	:	**1023 2923 805**
Bank Name	:	**STATE BANK OF INDIA**
Branch	:	**TRIPLICANE, CHENNAI - 600 005**
IFSC Code	:	**SBIN 0000249**
SWIFT Code	:	**SBI NIN BB 455**



കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

"ഞാനോ എളിയവനും ദരിദ്രനും ആകുന്നു; എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു..." (സങ്കീർത്തനങ്ങൾ 40:17)

ഏകദേശം നാല്പതു വർഷങ്ങൾക്കു മുമ്പ് ചെന്നൈയിൽ ഒരു മഹാ ഉണർവ്വുയോഗം നടന്നു. സൗത്ത് ആഫ്രിക്കയിൽ നിന്നും ചില പ്രാസംഗികർ കടന്നുവന്നു. അവരിലൂടെ ദൈവം വൻകാര്യങ്ങൾ ചെയ്തു. അനേകർ അത്ഭുതങ്ങൾക്കു സാക്ഷികളാകുകയും യേശുക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്ത ആദ്യമായി ശ്രവിക്കുകയും ചെയ്തു. ഒരു പ്രവർത്തകനായി ഞാനും അവരോടൊപ്പം ഉണ്ടായിരുന്നു.

അവസാന യോഗത്തിനുശേഷം ഈ യോഗങ്ങളുടെ നടത്തിപ്പിനായി പ്രവർത്തിച്ചവരുടെയും അതിഥികളുടെയും ഒരു ചെറിയകൂട്ടം ഒരുമിച്ചു ചേർന്നു. പെട്ടെന്ന് ആഫ്രിക്കയിൽ നിന്നും വന്ന മുഖ്യ പ്രാസംഗികൻ എന്നെ വിളിച്ച് വിവരങ്ങൾ തിരക്കുകയും എന്റെ കഠിനാധ്വാനത്തെ അഭിനന്ദിക്കുകയും ചെയ്തു. ഞാൻ അവിടെ ബാനറുകൾ കെട്ടി ഉറപ്പിക്കുകയും ഉണർവ്വ് യോഗങ്ങൾക്കു കടന്നു വരുന്നവരെ സ്വീകരിക്കുകയും കടന്നുവന്നവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയുമാണ് ചെയ്തത്.

ഞാൻ എവിടെ നിന്നാണ് കടന്നുവന്നതെന്ന് അദ്ദേഹം തിരക്കി. കൂടാതെ രാവിലെ 4 മണിക്ക് അവർ മടങ്ങിപ്പോകുമ്പോൾ എയർപോർട്ടിൽ വരാമോ എന്നും ചോദിച്ചു. അത് വളരെ നേരത്തെ ആണെന്നും എനിക്ക് ഒരു പഴയ സൈക്കിൾ മാത്രമാണ് ഉള്ളതെന്നും, ഏകദേശം 25 കിലോമീറ്ററോളം അതിൽ വരിക എന്ന് പറയുന്നത് പ്രയാസമാണെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു.

പെട്ടെന്ന് അദ്ദേഹം ചുറ്റും നോക്കിയിട്ട് പട്ടണത്തിൽ നിന്നുള്ള ഒരു പ്രാസംഗികനെ പേരെടുത്ത് പറഞ്ഞ് വിളിച്ച് ഇങ്ങനെ പറഞ്ഞു: "ഇത് ബ്രദർ സാം സെൽവരാജ്. ഇദ്ദേഹം സ്വമേധയാ കഠിനമായി യോഗത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നത് ഞാൻ കണ്ടു. ഞാൻ ഇവനിൽ ഒരു പ്രത്യേകത കാണുന്നു. ഞാൻ എയർപോർട്ടിൽ നിന്നു ഇന്ത്യവിട്ട് പോകുന്നതിനു മുമ്പ് ഇദ്ദേഹവുമായി അല്പസമയം ചെലവഴിക്കുവാൻ ആഗ്രഹിക്കുന്നു. അവൻ സാമ്പത്തിക ശേഷി കുറഞ്ഞവനായിരുന്നാലും എയർ പോർട്ടിൽ വരുവാനായി വാഹനമൊന്നും ഇല്ലാത്തതിനാലും താങ്കൾ ഇയാളെക്കൂടെ നിങ്ങളുടെ കാറിൽ കൊണ്ടുവന്നാൽ സന്തോഷമായിരുന്നു. താങ്കൾ എന്നെ യാത്രയയക്കാൻ എയർപോർട്ടിൽ വരുമല്ലോ". ആ സുവിശേഷ സഹോദരന് എന്നോട് വളരെ ദേഷ്യമുണ്ടായി. മുഖ്യ പ്രാസംഗികനോട് ഇങ്ങനെ പറഞ്ഞു: "എന്റെ കാറിൽ ഇയാളക്കൂടെ കൂട്ടുവാൻ സ്ഥലമില്ല. അവൻ എയർപോർട്ടിലേക്ക് വരണ്ട". മുഖ്യപ്രാസംഗികൻ അയാളോട് ഇങ്ങനെ ചോദിച്ചു: "എയർപോർട്ടിലേക്ക് താങ്കളുടെ കൂടെ ആരെങ്കിലും വരുന്നുണ്ടോ?" "എന്റെ കൂടെ ആരും വരുന്നില്ല. പക്ഷെ എനിക്ക് ഈ ദരിദ്രനെ സഹായിക്കുവാൻ കഴിയുകയില്ല".

മുഖ്യപ്രാസംഗികൻ ഈ വാക്കുകൾ കേട്ട് ഞെട്ടിപ്പോയി. അദ്ദേഹമെന്നെ അരികിൽ വിളിച്ചു, തന്റെ കരങ്ങൾ എന്റെ തലയിൽവച്ച് കണ്ണുനീരോടുകൂടി എനിക്ക് ഭൗതിക നന്മകൾ ലഭിക്കുവാനായി പ്രാർത്ഥിച്ചു. എന്നിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പ്രിയ സഹോദരാ ഞാൻ സേവിക്കുന്ന ദൈവത്തിന്റെ എളിയ ശുശ്രൂഷകനാണ് നീ എന്ന് ഞാൻ മനസ്സിലാക്കുന്നു. നിന്റെ ശുശ്രൂഷക്കും നിനക്കും നന്മകൾ ഞാൻ നേരുന്നു. ഞാൻ സേവിക്കുന്ന നമ്മുടെ ദൈവം സ്വർഗ്ഗം തുറന്ന് നിന്നെ അനേകം കാറുകളാലും, ബസ്സുകളാലും നിന്റെ ഇന്ത്യയിലെ ശുശ്രൂഷക്ക് ആവശ്യമായ മറ്റു നന്മകളാലും നിറക്കും. നിന്നെ എയർ പോർട്ടിലേക്ക് കൊണ്ടുവരുവാൻ വിസമ്മതിച്ച ആ സഹോദരനെ വെറുക്കരുത്".

ഈ സംഭവം എന്നെ വേദനിപ്പിച്ചില്ല. തന്റെ അനുഗ്രഹീതനായ ദാസനിലൂടെ ലഭിച്ച നല്ല വാക്കുകൾക്കായി ദൈവത്തിനു നന്ദി പറഞ്ഞു. കാലം കടന്നു പോയി. ദൈവം വിശ്വസ്തനും എന്നെ കരുതുന്നവനുമായിരുന്നു. ദൈവം എനിക്ക് വാഹനങ്ങളും ശുശ്രൂഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിത്തന്നു. എന്നെയും സഹപ്രവർത്തകരെയും അനേകം തവണ അതേ എയർപോർട്ടിലേക്ക് സ്വന്തം വാഹനത്തിൽ കടന്നുപോകുവാൻ ദൈവം കൃപ ചെയ്തു. എത്ര മഹത്വവാനായ ദൈവമാണ് നമുക്കുള്ളത്. അതേ ദൈവം ഇന്നും ജീവിക്കുന്നു. അവൻ ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ.

പ്രിയ വായനക്കാരാ, നിന്റെ തലയിലുള്ള അഭിഷേകം മറ്റുള്ളവർ അംഗീകരിക്കാതിരിക്കുന്നതിനാൽ പ്രയാസപ്പെടുകയാണോ? നിന്റെ ഇപ്പോഴത്തെ താഴ്ന്ന അവസ്ഥയാൽ നീ ധൈര്യമില്ലാത്തവനാകുകയാണോ? നിന്റെ സ്വന്തം ജനങ്ങളാൽ നീ താഴ്ത്തപ്പെടുകയാണോ? ദൈവം പറയുന്നു: "**നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് ...ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും**" (യോഹന്നാൻ 14:1,18). ദൈവഹിതത്തിനനുസരിച്ച് ജീവിപ്പിൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

****

...06-ാം പേജിന്റെ തുടർച്ച

ഉണ്ടായിരിക്കുക എന്നത് പ്രധാനമാണ്, അതോടൊപ്പം ഒരു സഭയും ഒരു ശുശ്രൂഷകനും ഉണ്ടായിരിക്കുന്നത് അത്ര തന്നെ പ്രാധാന്യമർഹിക്കുന്നതാണ്.

അവനിൽ നിലനിൽക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം തന്റെ സഭ എന്ന ദാനവും നമുക്ക് നൽകിയിരിക്കുന്നു. നമ്മെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും, തിരുത്തുകയും, നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും, പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു ആത്മീയ കുടുംബമാണ് സഭ.

ഇന്നത്തെ ലോകത്തിൽ ആരാധനകളിൽ പങ്കെടുക്കുന്നതും ആത്മീയമായ ഉത്തരവാദിത്തബോധം പുലർത്തുന്നതും കാലഹരണപ്പെട്ടതോ അനാവശ്യമോ ആയ കാര്യങ്ങളായി ചിലപ്പോൾ കണക്കാക്കപ്പെട്ടേക്കാം.

എന്നാൽ ദൈവത്തിന്റെ പദ്ധതി വ്യത്യസ്തമാണ്.

നമുക്ക് പരസ്പരം ആവശ്യമുണ്ട്.

വേദപുസ്തകത്തിൽ വിശ്വസിക്കുന്ന ഒരു സഭയിൽ വേരൂന്നണം, ദൈവഭക്തിയുള്ള ആത്മീയ നേതൃത്വത്തിന്റെയും ഇടയപരിപാലനത്തിന്റെയും കീഴിൽ ആയിരിക്കുകയും വേണം. നമ്മോടൊപ്പം പ്രാർത്ഥിക്കുകയും, നമ്മെ പ്രോത്സാഹിപ്പിക്കുകയും, ദൈവീക സത്യങ്ങൾ നമ്മോടു പറയുകയും, ആവശ്യഘട്ടങ്ങളിൽ നമ്മോടും കുടുംബത്തോടുമൊപ്പം നിൽക്കുന്ന ആളുകളെ ആവശ്യമാണ്.

ഈ ജീവിതയാത്രയിൽ ഒറ്റയ്ക്കു സഞ്ചരിക്കാനല്ല നമ്മെ സൃഷ്ടിച്ചിരിക്കുന്നത്.

ഒരു അഭയസ്ഥാനം ഉണ്ടായിരിക്കുക എന്നതിന്റെ അർത്ഥം എന്താണ്?

സങ്കേതനഗരങ്ങളിൽനിന്നും നമുക്ക് പഠിക്കാവുന്ന പാഠങ്ങൾ ഓർമ്മിച്ചെടുക്കാം.

1. അറിയാതെ ഒരാളുടെ മരണത്തിന് കാരണക്കാരനായ വ്യക്തിക്ക് പലായനം ചെയ്യാൻ സുരക്ഷിതമായ ഒരിടം.
2. മരണം ശരിയായ രീതിയിൽ വിചാരണ ചെയ്യുന്നതുവരെ ആ നഗരം ആ വ്യക്തിക്ക് സംരക്ഷണം നൽകുന്നു.
3. രക്തപ്രതികാരകന് ആ നഗരത്തിനുള്ളിൽ കടന്നുവന്ന് പ്രതികാരം ചെയ്യാൻ കഴിയുമായിരുന്നില്ല.
4. ഈ സംരക്ഷണത്തിന് അതിരുകളുണ്ടായിരുന്നു. അയാൾ നഗരത്തിൽ തന്നെ കഴിയണമായിരുന്നു.
5. ഈ സംരക്ഷണം മഹാപുരോഹിതന്റെ മരണം വരെയായിരുന്നു.
6. ആ വ്യക്തിയുടെ പ്രാർത്ഥന എന്തായിരുന്നിരിക്കാം? മഹാപുരോഹിതന്റെ ദീർഘായസ്സിനുവേണ്ടിയോ, തന്റെ അവകാശത്തിലേക്ക് മടങ്ങാനുള്ള ദിവസത്തിനു വേണ്ടിയോ ആയിരിക്കാം.

വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം, ഇവിടെയാണ് കാര്യങ്ങൾ അതിമനോഹരമായിത്തീരുന്നത്.

നാം ഈ ആറ് സങ്കേതനഗരങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നവരല്ല.

നമുക്ക് അതിനേക്കാളും എത്രയോ വലിയ ഒന്നാണ് ഉള്ളത്.

നമ്മുടെ അഭയകേന്ദ്രമായി കർത്താവായ യേശുക്രിസ്തു നമുക്കുണ്ട്!

എബ്രായർ 6:18 ഇപ്രകാരം പറയുന്നു:

അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടി വന്ന നാം ...ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു.

നാം അഭയം തേടി ഓടിയെത്തിയത് ഒരു ഭൗതിക നഗരത്തിലേക്കല്ല, കർത്താവായ യേശുക്രിസ്തുവിലേക്ക് തന്നെയാണ്.

കർത്താവായ യേശുക്രിസ്തുവിൽ!

- വിശ്വാസത്തോടെ അവന്റെ അടുക്കൽ വരുന്നവർക്ക് അവൻ അഭയസ്ഥാനമാണ്.
- അവന്റെ സ്നേഹവും ക്ഷണവും എല്ലാ മനുഷ്യർക്കുമായുള്ളതാണ്.
- അവന്റെ സംരക്ഷണം താൽക്കാലികമല്ല, കാരണം നമ്മുടെ മഹാപുരോഹിതൻ എന്നേക്കും ജീവിക്കുന്നവനാണ്.
- അവൻ നമ്മുടെ കോട്ടയും ഉറപ്പുള്ള ഗോപുരവുമാണ്; ശത്രുവിനു നമ്മെ തൊടാൻ കഴിയുകയില്ല.
- അവൻ നമ്മുടെ മൂലക്കല്ലും ഉറപ്പുള്ള അടിസ്ഥാനവുമാണ്–**നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു** എന്നു കർത്താവ് അരുളിച്ചെയ്യുന്നു.
- നാം അവനിൽ ആശ്രയിക്കുമ്പോൾ നമ്മെ കാത്തുസൂക്ഷിക്കാൻ അവനു കഴിയും.
- നാം അറിഞ്ഞോ അറിയാതെയോ പാപം ചെയ്താലും ദൈവം നമ്മുടെ അഭയസ്ഥാനമാണ്; കാരണം, അവൻ നമുക്കുവേണ്ടി മരിക്കുകയും, അവന്റെ രക്തം നമ്മെ സകല പാപങ്ങളിൽനിന്നും ശുദ്ധീകരിക്കുകയും ചെയ്യുന്നു, അവന്റെ കൃപ നമുക്ക് മതിയായതാണ്.

നമ്മുടെ സാഹചര്യങ്ങൾ ദുഷ്കരമാണോ എന്നതല്ല ഇവിടെയുള്ള ചോദ്യം.

അവൻ നമുക്ക് അഭയവും, ശക്തിയും, സുരക്ഷിതത്വവും നൽകുന്നതിനാൽ അവന്റെ അടുക്കലേക്ക് ഓടി ചെല്ലുക, ഇതു മാത്രമാണ് നാം ചെയ്യേണ്ടത്.

അവന്റെ സാന്നിദ്ധ്യത്തിലേക്ക് കടന്നു വരിക!

ഇത് കർത്താവായ യേശുക്രിസ്തു നമുക്കു നൽകുന്ന മനോഹരമായ ക്ഷണമാണ്.

എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളകയില്ല (യോഹന്നാൻ 6:37).

ഇത് എത്ര മനോഹരമായ ക്ഷണമാണ്!

ഇന്ന് നാം നേരിടുന്ന ഏതു സാഹചര്യമായാലും, ഏതു പോരാട്ടമാണെങ്കിലും, നിങ്ങളെ വലയം ചെയ്തിരിക്കുന്ന ഏതു ഭയമാണെങ്കിലും, മുന്നിൽ ഏതു അനിശ്ചിതത്വങ്ങൾ ഉണ്ടായാലും – ഇത് ഓർക്കുക.

നമുക്ക് ഒരു അഭയസ്ഥാനമുണ്ട്!

ആ അഭയസ്ഥാനത്തിന്റെ അടിസ്ഥാനം:

താൽക്കാലികമല്ല.
സമ്പത്തിന്റേതല്ല.
പ്രശസ്തിയുടേതല്ല.
വിദ്യാഭ്യാസത്തിന്റേതല്ല.
അധികാരത്തിന്റേതല്ല.
കഴിവുകളുടേതല്ല.
മനുഷ്യശക്തിയുടേതല്ല.
നിശ്ചയമായും നുണകളുടേതല്ല.

നമുക്ക് കർത്താവായ യേശുക്രിസ്തുവുണ്ട്

അവൻ നമ്മുടെ:

സങ്കേതമാണ്.
കോട്ടയാണ്.
ഉറപ്പുള്ള ഗോപുരമാണ്.
മൂലക്കല്ലാണ്.
ഉറപ്പുള്ള അടിസ്ഥാനമാണ്.

നമ്മുടെ മഹാപുരോഹിതൻ എന്നേക്കും ജീവിക്കുന്നതുകൊണ്ട്, നമ്മുടെ സങ്കേതവും എന്നേക്കും നിലനിൽക്കുന്നു.

അതുകൊണ്ട് പ്രിയ സഹോദരങ്ങളേ, നമുക്ക് അവന്റെ അടുക്കലേക്ക് ഓടിച്ചെല്ലാം. കർത്താവായ യേശുക്രിസ്തുവിനെ നിങ്ങളുടെ സങ്കേതമായി സ്വീകരിക്കുക. അവനിൽ പൂർണ്ണമായി ആശ്രയം വയ്ക്കുക, അവനിൽ വസിക്കുക, അവനിൽത്തന്നെ നിലനിൽക്കുക.

ഓർക്കുക:

അവൻ നമ്മുടെ സങ്കേതമാണ്!

****

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

OUR BANK DETAILS:

1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

3. Bank : State Bank of India

(This Account is for Tax Exemption for Indians only)
Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

OUR QR CODE:

ECHO OF HIS CALL

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

വിളിയുടെ പ്രതിധ്വനി

16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് വിളിയുടെ പ്രതിധ്വനിയുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ വിളിയുടെ പ്രതിധ്വനി പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

വിളിയുടെ പ്രതിധ്വനി മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ് സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

YOU CAN SEND YOUR DONATION ONLINE ALSO

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel" on 4th NOVEMBER 2026.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

JESUS LOVES YOU!

To

GOD BLESS YOU!

Owned and published by S. Sam Selva Raj from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by S. Sam Selva Raj at Echo of His Call Printers, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: S. Sam Selva Raj.